Draft #2 of File 23076/AC A1-1/2020/ACAD (PART-VII) Approved by DEPUTY REGISTRAR I (ACADEMIC) on 01-Jan-2021 04:56 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ- മഹാരാജാസ് കോളേജ്,എറണാകുളം, ഭാരതമാതാ കോളേജ്, തൃക്കാക്കര, ഗവണ്മെന്റ് കോളേജ്, തൃപ്പൂണിത്തുറ- 2020-2021 അദ്ധ്യയന വർഷം മുതൽ അഫിലിയേഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 33/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2021

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം നം. 23076/ACA1-1/2020/Acad തീയതി. 06.10.2020

2. 2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാളുമാർ നൽകിയ അപേക്ഷ

3. സർവ്വകലാശാല ഉത്തരവ് നം. 4699/ACA1/2020/എം.ജി.യൂ. തീയതി.13.10.2020

4. സർവ്വകലാശാല ഉത്തരവ് നം. 4735/ACA1/2020/എം.ജി.യൂ. തീയതി.15.10.2020

5. സർവ്വകലാശാല ഉത്തരവ് നം. 4877/ACA1/2020/എം.ജി.യൂ. തീയതി 2 2.10.2020

6. കത്ത് നം. 23076/ACA1-1/2020/ACAD തീയതി. 22.10.2020 .

7. സർക്കാർ ഉത്തരവ് നം. G.O(Ms) No. 389/2020/ഉ.വി.വ. തീയതി. 05.11.2020

8. സർക്കാർ ഉത്തരവ് നം.G.O(Ms)No.431 /2020/HEDN തീയതി. .11 .12.2020

9 . സർക്കാർ ഉത്തരവ് നം.G.O(Ms)No.473/2020/HEDN തീയതി. .30.12.2020

10.31.12.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ.13/20.06

**ഉത്തരവ്**

2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ എയ്ഡഡ്/ഗവൺമെൻറ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം വിവിധ എയ്ഡഡ്/ഗവണ്മെന്റ് കോളെജ് പ്രിൻസിപ്പാളുമാർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷകൾ പരിഗണിച്ച സർവ്വകലാശാല, കോളേജുകളുടെ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധന സമിതികളെ പരാമർശം (3) & (4) പ്രകാരം നിയമിക്കുകയും ചെയ്തു. ടി സമിതികളുടെ അനുകൂലമായ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി കോളേജുകൾ അപേക്ഷിച്ച ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാമുകളുടെ അഫിലിയേഷനായി

പരാമർശം (6) പ്രകാരം സർക്കാരിന്റെ അനുമതി തേടുകയും ചെയ്തു. പരാമർശം (7),(8),(9) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു .

പരാമർശം (10) പ്രകാരം 31.12.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

. 2020 -21 അദ്ധ്യയന വർഷം മുതൽ മഹാരാജാസ് കോളേജ്, എറണാകുളം, ഭാരത മാതാ കോളേജ്, തൃക്കാക്കര, ഗവണ്മെന്റ് കോളേജ്,തൃപ്പൂണിത്തുറ- എന്നീ കോളേജുകളിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകളായ ഇന്റഗ്രേറ്റഡ് എം.എ പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് -ആർക്കിയോളജി ആന്റ് മെറ്റിരിയൽ കൾച്ചർ സ്റ്റഡീസ് ,ഇന്റഗ്രേറ്റഡ് എം.എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് -ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് ,എം.എ ഇക്കണോമിക്സ് എന്നീ പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് തീരുമാനിച്ചു.

**ടി കോളേജുകളിലെ സീറ്റ് വിന്യാസം ചുവടെ ചേർക്കുന്നു.**

| Sl.No. | Name of the College | Sanctioned Programmes | Intake |
|---|---|---|---|
| 1 | Maharaja's College,Ernakulam(Autonomous) | Integrated M.A Programme in Social Sciences-Archaeology and Material Culture Studies | 25 |
| 2 | Bharat Matha College,Trikkakkara | Integrated M.Sc Programme in Computer Science-Artificial Intelligence & Machine Learning | 15 |
| 3. | Govt.College,Tripunithura | M.A Economics | 20 |

. എറണാകുളം മഹാരാജാസ് കോളേജിൽ അനുവദിച്ചിരിക്കുന്ന ഇന്റഗ്രേറ്റഡ് എം.എ പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ്-ആർക്കിയോളജി ആൻഡ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ് എന്ന പ്രോഗ്രാമിലേക്ക് പ്രവേശനം നടത്തുന്നതിന് പ്രസ്തുത കോളേജ് പ്രിൻസിപ്പലിനെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

. തൃക്കാക്കര ഭാരത മാതാ കോളേജിൽ അനുവദിച്ചിരിക്കുന്ന ഇന്റഗ്രേറ്റഡ് എം.എസ് സി പ്രോഗ്രാം ഇൻ കംപ്യൂട്ടർ സയൻസ്- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് എന്ന-പ്രോഗ്രാമിലേക്കുള്ള പ്രവേശനം സർവ്വകലാശാലാ സെൻട്രലൈസ്ഡ് അലോട്മെന്റ് പ്രോസസ്സിൽ

Draft #2 of File 23076/AC A1-1/2020/ACAD (PART-VII) Approved by DEPUTY REGISTRAR I (ACADEMIC) on 01-Jan-2021 04:56 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ മേൽ പ്രോഗ്രാമിലേക്ക് പ്രവേശനം നടത്തുന്നതിന് പ്രസ്തുത കോളേജ് പ്രിൻസിപ്പലിനെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

. തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിൽ അനുവദിച്ചിരിക്കുന്ന എം.എ ഇക്കണോമിക്സ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സർവ്വകലാശാലാ സെൻട്രലൈസ്ഡ് അലോട്ട്മെന്റ് പ്രോസസ്സിൽ ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരികരിക്കുന്നതിനും തീരുമാനിച്ചു.

മേൽ പറഞ്ഞിരിക്കുന്ന പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും-

1. സർക്കാർ/ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി പ്രോഗ്രാമിലേക്കുള്ള പ്രവേശനം.

2. പ്രവേശന സമയത്തു വിദ്യാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്.

| | |
|---|---|
| വിദ്യാർത്ഥികളുടെ അഫിലിയേഷൻ ഫീസ് (ഒറ്റ തവണ പ്രവേശനസമയത്ത് ) | : U.G 550/-രൂപ<br>: P.G 750/- രൂപ(ഒറ്റ തവണ പ്രവേശന സമയത്ത് ) |
| സ്പോർട്സ് അഫിലിയേഷൻ ഫീസ് | : 210 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക്, സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ് |
| വിദ്യാർത്ഥി ക്ഷേമനിധി | : 30 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| സർവ്വകലാശാല യൂണിയൻ ഫീസ് | : 50/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| വിദ്യാർത്ഥികളുടെ ഇൻഷുറൻസ് പ്രീമിയം | : 23 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| മെടിക്കുലേഷൻ ഫീസ് | : 250 /- രൂപ |

2. മേൽ പറഞ്ഞിരിക്കുന്ന കോളേജുകൾ അഫിലിയേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലേക്ക് അടക്കേണ്ടതായ ഫീസുകൾ സമയബന്ധിതമായി അടക്കേണ്ടതാണ്.

3. ടി പ്രോഗ്രാമുകൾ നടത്തേണ്ടത് സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിന്റെ പ്രിൻസിപ്പാൾ, അനുവദിച്ച സീറ്റുകളിലേക്ക് മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ സർവ്വകലാശാല നിയമ പ്രകാരം പരീക്ഷക്ക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 23076/AC A1-1/2020/ACAD (PART-VII) Approved by DEPUTY REGISTRAR I (ACADEMIC) on 01-Jan-2021 04:56 PM - Page 3

തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച പ്രോഗ്രാമിലേക്ക് തന്നെ പരീക്ഷക്ക് ഇരുത്തുകയും വേണം.

4. കോഴ്സ് അഫിലിയേഷൻ ഫീസ് ഓരോ പ്രോഗ്രാമിനും

U.G(Conventional courses) -10500/-രൂപ .

U.G(New Generation courses) -15750/-രൂപ .

P.G(Conventional courses ) -15750/-രൂപ

P.G(New Generation courses) -26250/-രൂപ

എന്ന നിരക്കിൽ അടക്കേണ്ടതാണ്

മേൽ പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാല നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം പ്രോഗ്രാം നടത്തേണ്ടത്. അല്ലാത്ത പക്ഷം പ്രോഗ്രാമിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. പ്രിൻസിപ്പൽ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ വകുപ്പ്
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളിജിയേറ്റ്എഡ്യൂക്കേഷൻ
4. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
5. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
6. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ)
7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ /ഐ.ക്യൂ.എ.സി
8. എസി എ 5,എസി എ 6,എസി എ 8,എസി എ 9,എസി എ 12
9. എസിസി1/എസിസി2/എ റ്റി ആർ /CITAD
10. കരുതൽ ഫയൽ/റിക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 23076/AC A1-1/2020/ACAD (PART-VII) Approved by DEPUTY REGISTRAR I (ACADEMIC) on 01-Jan-2021 04:56 PM - Page 4